സി.കെ.എ ജബ്ബാർ

# ഇടിച്ചു നിരത്തേണ്ടത് ടൂറിസം ഭ്രാന്ത്

**മൂന്നാറിൽ** തിരിച്ചുപിടിച്ച ഭൂമിയും പ്രകൃതിയും കാര്യക്ഷമമായി ഇനി സർക്കാർ മേൽനോട്ടത്തിലുള്ള ടൂറിസത്തിനായി വിനിയോഗിക്കുമെന്നാണ് ടൂറിസം വകുപ്പ് മന്ത്രി പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. ടൂറിസത്തിനു വേണ്ടി തന്നെയാണ് കേരളത്തിന്റെ പ്രകൃതിയെ കീറിമുറിച്ച കൈയേറ്റങ്ങളെല്ലാം അരങ്ങേറിയതെന്ന വസ്തുത അറിയാതെയായിരിക്കില്ല മന്ത്രി ഇക്കാര്യം ആവർത്തിക്കുന്നത്. മൂന്നാറിന്റെ ടൂറിസം വികസനത്തിന് സ്വകാര്യ മേഖലയുടെ സഹകരണം തേടുമെന്നും അദ്ദേഹം പറയുന്നു.

മൂന്നാറിലും അതുപോലുള്ള കൈയേറ്റ സങ്കേതങ്ങളിലും സംസ്ഥാന സർക്കാർ ധീരമായി തുടരുന്ന ഇടിച്ചുനിരത്തലും തിരിച്ചുപിടിക്കലും പുതിയൊരു വികസന കാഴ്ചപ്പാടിനു കൂടി സഹായകമാകേണ്ടതാണ്. ടൂറിസം മേഖലയിൽ എങ്ങനെയാണ് കേരളം അതിന്റെ പ്രകൃതിവിഭവങ്ങളും സംസ്കാരവും ചരിത്ര പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന വികസനം നടപ്പിലാക്കേണ്ടതെന്ന് ഗൗരവപൂർവം പുനരാലോചന നടത്തേണ്ടിയിരിക്കുന്നു. കൈയേറ്റ ഭൂമികളിലെ റിസോർട്ടുകൾക്കൊപ്പം അധാർമികവും സദാചാരവിരുദ്ധവുമായ നമ്മുടെ ടൂറിസം ഭ്രാന്ത് കൂടി തകർക്കപ്പെടണം. എങ്കിലേ മൂന്നാർ നടപടികളിലെ ആത്മാർഥത ചോദ്യം ചെയ്യപ്പെടാതിരിക്കുകയുള്ളൂ.

അധിനിവേശത്തിന്റെ പുതിയ മുഖമാണ് മൂന്നാറിലെ കൈയേറ്റമെന്നും അതിനെതിരായ വികസന നയമാണ് മൂന്നാർ ദൗത്യത്തിന്റെ പിന്നിലെ വികാരമെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി. വലിയൊരു ആദർശ വ്യാഖ്യാനമാണിതെന്നതിൽ സംശയമില്ല. പക്ഷേ, അദ്ദേഹത്തിന്റെ നിലപാടിനെപ്പറ്റി പാർട്ടി സെക്രട്ടറിയോട് ചോദിച്ചാൽ കിട്ടുന്ന ഉത്തരമെന്തായിരിക്കുമെന്ന് നാട്ടുകാർക്ക് അറിയാം. മൂന്നാർ കൂടുതൽ വികസിതമായ ടൂറിസം കേന്ദ്രമാക്കുമെന്ന കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവം ഈ സന്ദേഹത്തോട് ചേർത്തുവെക്കേണ്ടതുമാണ്.

ടൂറിസം വികസനത്തെ കണ്ണും ചിമ്മി എതിർക്കുന്നത് ശരിയല്ല. പക്ഷേ, അതിന്റെ സദാചാരപരവും ധാർമികവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച ബോധവും വ്യക്തതയും ഉണ്ടാവണം. അതുകൊണ്ടാണ് മൂന്നാറിലെ ദൗത്യനിർവഹണത്തിനു ശേഷം പിന്നെയുള്ള നിലപാട് എന്ത് എന്ന ചോദ്യം പ്രസക്തമാവുന്നത്. ടൂറിസം മന്ത്രിയുടെ പ്രസ്താവന ഉത്കണ്ഠയുണർത്തുന്നതും അതുകൊണ്ടുതന്നെ.

ടൂറിസം വികസനം, സ്വകാര്യമേഖലയുമായി കൈകോർക്കുന്നതോടെ ലക്ഷ്യം കാണുന്ന ഒന്നാണെന്ന സങ്കൽപമാണ് ഭരണകൂടത്തെ നയിക്കുന്നത്. അതുകൊണ്ട് വർഷാവർഷം സർക്കാർ ഫണ്ടുകൾ വകയിരുത്തുന്നു. പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നു. സ്വന്തം മടിശ്ശീല ഇങ്ങനെ നീട്ടികൊടുക്കുന്നത് സ്വകാര്യ സംരംഭകർക്ക് അവരുടെ തന്നിഷ്ടത്തിനുള്ള അനുവാദമായി മാറുകയും ചെയ്യുന്നു. ഇതാണ് മൂന്നാറിലെ ധിക്കാരപരമായ കൈയേറ്റങ്ങളുടെ പിന്നിലുള്ള പ്രചോദനവും.

സ്വകാര്യ റിസോർട്ടുകൾക്കും ഹെറിറ്റേജുകൾക്കും പൊതുഫണ്ടിൽനിന്ന് റോഡുകൾ അനുവദിക്കുകയും ഹൗസ്ബോട്ടുകൾക്ക് റിസോർട്ടുകൾ നിൽക്കുന്നേടത്ത് ജെട്ടികൾ നൽകുകയും വൈദ്യുതിയും വെള്ളവും ചുരത്തുകയും ചെയ്യുമ്പോൾ തദ്ദേശവാസികൾക്ക് അതിൽനിന്ന് എന്താണ് കിട്ടുന്നത്? കണ്ണൂർ കാട്ടാമ്പള്ളിയിൽ ഒരേക്കർ പുഴയോരം കൈയേറിയ ഒരു റിസോർട്ട് ഉടമക്ക് ഡി.ടി.പി.സി ജെട്ടി പണിതുകൊടുത്തത് നാട്ടുകാർ വർഷങ്ങളായി നടപ്പാതയായി ഉപയോഗിക്കുന്ന പുഴയോര പാത തടഞ്ഞുകൊണ്ടാണ്.

ആഗോളതലത്തിൽ ഒന്നാം നിരയിലുള്ള 50 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഒന്നാണത്രെ കേരളം. സുഖിപ്പിക്കുന്ന ഈ വിശേഷണം അധിനിവേശതൽപരരായ വിദേശ ഏജൻസികളുടേതാണ്. ലോക ടൂറിസം സംഘടന (WTO) ചർവണം നടത്തുന്ന വികസന സ്ഥിതിവിവരം ഏറ്റുപിടിച്ച് കേരളം പാരീസിനെയും മറ്റും കിനാവ് കണ്ട് കോടികൾ പൊതു ഖജനാവിൽനിന്ന് ഒഴുക്കുന്നു. 1996 മുതൽ 2001 വരെ നായനാർ സർക്കാർ കേരളത്തിലെ ടൂറിസം മേഖലയിൽ ചെലവഴിച്ചത് 201.67 കോടി രൂപയാണ്. 2001 മുതൽ 2006 വരെ യു.ഡി.എഫ് സർക്കാർ 309.19 കോടിയും ചെലവാക്കി. കഴിഞ്ഞ പത്തു വർഷത്തിനകം കേരളത്തിൽ 510 കോടി രൂപ ചെലവഴിച്ചുവെന്നർഥം (അവലംബം പി.ആർ.ഡി.).

2001 മുതൽ 2005 വരെ ടൂറിസം മേഖലയിൽ വിദേശ വരുമാനമായി 3456 കോടി സംസ്ഥാനത്തിന് ലഭിച്ചുവെന്നാണ് കണക്ക്. ഒമ്പതു ലക്ഷത്തോളം പേർ ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നുവെന്നും സർക്കാർ അവകാശപ്പെടുന്നു. പക്ഷേ, ഈ വരുമാനവും മറ്റും സർക്കാർ മേഖലയിലേത് മാത്രമാണോ? വരുമാനത്തെക്കുറിച്ച പെരുപ്പിച്ച കണക്ക് സ്വകാര്യ മേഖലയുമായി ബന്ധപ്പെടുന്നത് തന്നെയാണ്.

സർക്കാർ ഏജൻസികൾ എത്രയാണ് വരുമാനമുണ്ടാക്കുന്നതെന്ന് നമുക്കറിയാം. ടൂറിസം വ്യാവസായികാടിസ്ഥാനത്തിൽ കൊണ്ടുനടത്താൻ 1965-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള ടൂറിസ്റ്റ് ആന്റ് ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപറേഷന് 12.91 കോടിയാണ് അന്ന് മൂലധനം നൽകിയത്. പക്ഷേ, കേരളത്തിലെ വിനോദ-സഞ്ചാര-കരകൗശല മേഖലയെ ഇത് എത്രത്തോളം വ്യാവസായികമായി വളർത്തിയെന്ന് അന്വേഷിക്കേണ്ടതാണ്. കോർപറേഷനെ കെ.ടി.ഡി.സിയായി പിന്നീട് പുനർനാമകരണം ചെയ്തു. അതിനു ശേഷമാണ് അറ്റാദായം രേഖപ്പെടുത്തപ്പെട്ടത്. അതും നാമമാത്രം ആയിരുന്നു.

560 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിലെ കടൽതീരം ടൂറിസത്തിന്റെ വലിയ സാധ്യതാ സമ്പത്തായാണ് പരിഗണിക്കപ്പെടുന്നത്. പക്ഷേ, തീരപ്രദേശം സ്വകാര്യ റിസോർട്ടുകൾക്ക് വീതിച്ചു നൽകിയ കോവളം പോലുള്ള മേഖലയിൽ പോലും തദ്ദേശീയ വികസനം എത്ര ഉണ്ടായെന്ന് പരിശോധിച്ചാലറിയാം. 150 കോടി രൂപയുടെ ബേക്കൽ ടൂറിസം പദ്ധതി വിഭാവന ചെയ്തപ്പോൾ പറഞ്ഞിരുന്നത് മലബാർ മേഖലയിൽ നാലുവരി പാത വരുമെന്നായിരുന്നു. നാലുവരി പാത പോയിട്ട് ദേശീയ പാതയിൽ മാഹിയിലെ ഗതാഗത കുരുക്കഴിക്കാൻ പോലും ഇന്നേവരെ കഴിഞ്ഞില്ല. അന്ന് പദ്ധതിയുടെ എം.ഡിയായിരുന്ന ഡോ. വേണു തന്നെയാണ് ഇന്ന് ടൂറിസം വകുപ്പ് ഡയറക്ടർ. അദ്ദേഹം കണ്ണൂർ ജില്ലാ കലക്ടറായിരുന്ന കാലം പ്രമുഖ ശിൽപി കാനായി കുഞ്ഞിരാമനുമായി പരസ്യമായ

ഒരു കൊമ്പുകോർക്കൽ നടന്നിരുന്നു. പയ്യാമ്പലം ടൂറിസം പദ്ധതിക്ക് കോടികൾ ചെലവഴിച്ചത് പാഴായെന്നായിരുന്നു വേണുവിന്റെ ആരോപണം. പയ്യാമ്പലം പദ്ധതി രൂപകൽപന ചെയ്ത കാനായിയെ ഇത് ചൊടിപ്പിച്ചു. ഇരുവരും പരസ്യ പ്രസ്താവനകൾ നടത്തിയപ്പോൾ ഒരു കാര്യം ജനത്തിന് ബോധ്യമായി; കടൽകരകളിൽ കോടികൾ അക്ഷരാർഥത്തിൽ സർക്കാർ 'ഒഴുക്കി' വിടുകയാണ്.

കടൽക്ഷോഭം തടയാനും മറ്റുമുള്ള തീരദേശവാസികളുടെ അടിസ്ഥാനാവശ്യങ്ങൾ നിലനിൽക്കുമ്പോഴും കടലോരങ്ങളിൽ ഹർമ്യങ്ങൾ പണിയാനുള്ള സുരക്ഷാ വലയവും പുലിമുട്ടുകളും മറ്റും നിർമിച്ചുനൽകുന്ന വികസനമാണ് ഇവിടെ നടന്നത്.

**ലോകശ്രദ്ധ** പിടിച്ചുപറ്റാൻ അമേരിക്കയിലെ നെവാഡാ സംസ്ഥാനത്തെ ലാസ്വെഗാസ് സ്വീകരിച്ച കുടിലതന്ത്രം ടൂറിസം മേഖലയിൽ പ്രസിദ്ധമാണ്. മരുഭൂമിയായ ലാസ്വെഗാസിൽ മറ്റൊരു വികസനവും നടക്കില്ലായിരുന്നു. അതിനാൽ ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ചൂതാട്ട കേന്ദ്രമാവുകയാണ് ചെയ്തത്. അതോടെ നെവാഡാ സംസ്ഥാനം ലോകപ്രസിദ്ധമായി.

സ്വന്തം സംസ്കാരവും പൈതൃകവും വിൽപനക്ക് വെക്കുന്ന അധമതന്ത്രങ്ങൾക്ക് വഴങ്ങുന്ന കേരള ടൂറിസത്തെ ഇതോട് താരതമ്യം ചെയ്യാൻ പാടുണ്ടോ എന്നറിയില്ല. നാഷ്നൽ ജിയോഗ്രാഫിക്കിന്റെ പഠനത്തിൽ 'ഭൂമിയിലെ പത്ത് സ്വർഗങ്ങളിൽ ഒന്നാണ് കേരളം' എന്ന് കേട്ടപ്പോൾ നാം കോരിത്തരിച്ചു. കുടുംബബന്ധങ്ങളും നൈതികമൂല്യങ്ങളും മുറുകെപ്പിടിക്കുന്ന കേരളീയന്റെ ചെവിയിലേക്ക് മുതലാളിത്ത ടൂറിസം അതിന്റെ സൂത്രവാക്യം ഉരുവിടുകയാണെന്ന് നാം തിരിച്ചറിയുന്നില്ല. ഭൂമിയിൽ സ്വർഗം പണിയാൻ റിസോർട്ടുകളും ഹൗസ് ബോട്ടുകളും കിടപ്പറകളും മദ്യശാലകളും വ്യാപിപ്പിച്ചു! ഇപ്പോഴിതാ കേരളീയന്റെ വീട്ടിൽ തന്നെ വിദേശിയെ സ്വീകരിച്ചിരുത്തുന്ന ഹോം സ്റ്റേ പദ്ധതി പൊടി തട്ടിയെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. 1996-ൽ ശക്തമായ പ്രതിഷേധത്തെ തുടർന്ന് മാറ്റിവെച്ച പദ്ധതിയായിരുന്നു ഇത്.

ഹെറിറ്റേജുകൾക്ക് നക്ഷത്ര പദവി നൽകിയാൽ ഒരു കാക്കിയുടുപ്പുകാരനും മീശ പിരിച്ച് റെയിഡിനെത്തുകയില്ല. തന്ത്രപരമായ ഈ അനുകൂലാവസ്ഥ ചില റിസോർട്ടുകളെ നക്ഷത്ര വേശ്യാലയമാക്കി പരിണമിപ്പിച്ചു. ഹൗസ്ബോട്ടുകളിൽ ഒരുക്കുന്ന കിടപ്പറകളിൽ വിദേശികൾ രമിക്കാനെത്തുമെന്നാണ് സങ്കൽപം. പക്ഷേ, 'ആഭ്യന്തര ടൂറിസ്റ്റുകൾ' ഹൗസ് ബോട്ടുകൾ സജീവമാക്കുന്നു. ഒരു ദിവസത്തേക്ക് എണ്ണായിരവും പതിനായിരവും വാടക നൽകി ഹൗസ് ബോട്ടുകൾ ഏറ്റെടുക്കുന്നത് വെറും ഹണിമൂൺ ആഘോഷിക്കുന്നവർ മാത്രമാണെന്ന് ധരിക്കുന്ന വിഡ്ഢികളാവുകയാണ് നാം. കായൽപരപ്പിലൂടെ നീന്തി ചെന്ന് ഹൗസ്ബോട്ടുകൾ റെയ്ഡ് ചെയ്ത് പെൺവാണിഭ സംഘത്തെ അറസ്റ്റ് ചെയ്തതായി ഇന്നേവരെ നാം കേട്ടിട്ടില്ല. അതുതന്നെയാണ് ഹൗസ് ബോട്ടുകളുടെ കിടപ്പറകൾ നിർവഹിക്കുന്ന ദൗത്യമെന്തെന്ന് ഊഹിക്കാൻ പറ്റിയ ഉദാഹരണവും.

കേരളത്തിലെ ടൂറിസം രംഗം നയപരമായ വലിയൊരു വ്യതിയാനത്തിലാണ്. കേരളീയ സാഹചര്യം പരിഗണിച്ച് ടൂറിസത്തിന്റെ ഏതു മേഖലയാണ് ഇവിടെ വികസിക്കേണ്ടതെന്ന കാഴ്ചപ്പാടിലാണ് മൗലികമായ നിലപാട് വേണ്ടത്. ഇത് നമുക്കില്ല. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ഹിതത്തിനനുസരിച്ചാണ് നമ്മുടെ ടൂറിസം നിലപാട്.

ടൂറിസത്തിന് വിവിധങ്ങളായ ഘടകങ്ങളുണ്ട്. പ്രകൃതിദത്ത ഹെൽത്ത് ടൂറിസം, തീർഥാടന ടൂറിസം, സാഹസിക ടൂറിസം, ഹെറിറ്റേജ് ടൂറിസം, ഇക്കോ ടൂറിസം, അക്കാദമിക് ടൂറിസം, എൻവയൺമെന്റ് ഫ്രണ്ട്ലി ടൂറിസം, സഫാരി ടൂറിസം, സയന്റിഫിക് ടൂറിസം, വൈൽഡ് ലൈഫ് ടൂറിസം, ഹിസ്റ്റോറിക്കൽ ടൂറിസം എന്നിങ്ങനെ നീളുന്നു ഈ പട്ടിക. കേരളത്തിന്റെ പ്രകൃതിവിഭവങ്ങളും സാംസ്കാരിക പൈതൃകവും ചരിത്രബോധവും പരിഗണിച്ചാൽ ഗ്രാമീണ ടൂറിസവും തീർഥാടന ടൂറിസവും വൈൽഡ് ലൈഫ് ടൂറിസവും ഇക്കോ ടൂറിസവും ഹിസ്റ്റോറിക്കൽ ടൂറിസവും ആണ് വളരേണ്ടിയിരുന്നത്. കേരളത്തിലെ ആയുർവേദ പാരമ്പര്യം കണക്കിലെടുക്കുമ്പോൾ ഹെൽത്ത് ടൂറിസത്തിനും നല്ല സാധ്യതയുണ്ട്. പക്ഷേ, ഹെൽത്തും അതിനേക്കാൾ വേഗത്തിൽ ഹെറിറ്റേജുമാണ് കേരളത്തിൽ തഴച്ചുവളർന്നത്.

ഹെൽത്ത് ടൂറിസം എന്നാൽ ഒരുതരം ലൈംഗിക സുഖാസ്വാദന ക്രിയകളായി മാറി. ടൂറിസ്റ്റുകൾക്കു വേണ്ടി സുഖചികിത്സ നടത്തുന്ന നൂറിലേറെ റിസോർട്ടുകൾ കേരളത്തിലുണ്ട്. ധാര, ശിരോധാര, പിഴിച്ചിൽ, ഇലക്കിഴി, ഉദ്വർത്തനം, ഞവരക്കിഴി, തർപ്പണം, പഞ്ചകർമ എന്നിങ്ങനെയുള്ള ആയുർവേദ ചികിത്സാ ശാഖകളാണ് ടൂറിസം മേഖലയിൽ പ്രചാരത്തിലുള്ളത്. ഇവ കേരളത്തിന്റെ അഭിമാനവുമാണ്. പക്ഷേ, പഞ്ചകർമത്തിലെ ഒരു ശാഖ മാത്രമായ തിരുമ്മൽ (മസ്സാജ്) ആണ് ദുഷ്ടലാക്കോടെ പ്രചരിപ്പിക്കപ്പെട്ടത്. നൂറുകണക്കിന് യുവതികളെ ഈ ചികിത്സാ 'ബിരുദ'ത്തിന്റെ വ്യാജ സർട്ടിഫിക്കറ്റുകൾ നൽകി റിസോർട്ടുകളിലേക്ക് റിക്രൂട്ട് ചെയ്യുന്നു. ആയുർവേദ ഭിഷഗ്വര സംഘടനകൾ മസ്സാജ് വ്യവസായത്തിന്റെ തട്ടിപ്പുകൾ പരസ്യമായി തന്നെ ഉന്നയിച്ചിട്ടും ആരും ചെവിക്കൊണ്ടില്ല. പ്ലസ്ടു കഴിഞ്ഞ പെൺകുട്ടികളെ അനധികൃതമായ മസാജ് കോഴ്സുകളിലേക്ക് ഏതാണ്ട് പരസ്യമായിത്തന്നെയാണ് റിക്രൂട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. മൂന്നാറിൽ ഇടിച്ചുനിരത്തപ്പെട്ടത് ശപിക്കപ്പെട്ട ഈ ആഭാസവൃത്തി കൂടിയാണ്.

മാസ് ടൂറിസത്തെ ആകർഷിക്കാനുപകരിക്കുന്ന പിരമിഡോ താജ്മഹലോ ഈഫൽ ടവറോ വൻമതിലോ പോലുള്ള അത്ഭുതമൊന്നും കേരളത്തിലില്ല. ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ വരേണ്ടത് അമേരിക്കയിൽനിന്നും ജപ്പാനിൽനിന്നും യൂറോപ്പിൽനിന്നും ആയതിനാൽ കേരളവുമായുള്ള ദൂരവും ഒരു പ്രശ്നമാണ്. ദൽഹി, ആഗ്ര, ഹൈദറാബാദ്, കൊൽക്കത്ത തുടങ്ങിയ പ്രമുഖ ടൂറിസ്റ്റ് നഗരങ്ങളിൽ നിന്ന് കേരളം വളരെ അകലെയാണ്. ഇതെല്ലാം പരിഗണിക്കുമ്പോൾ തദ്ദേശീയ ടൂറിസമായിരുന്നു കേരളത്തിന് അനുയോജ്യം. പക്ഷേ, നാം ഇക്കോ ടൂറിസത്തിന്റെയും ഹെൽത്ത് ടൂറിസത്തിന്റെയും ഹെറിറ്റേജ് ടൂറിസത്തിന്റെയും ബാനറിൽ മാസ് ടൂറിസത്തിന് വേദിയൊരുക്കാനാണ് ശ്രമിക്കുന്നത്. ഉടുതുണിയുള്ളവർ തല താഴ്ത്തി പോകുന്ന ഹവ്വാ ബീച്ചുകൾ ഇതിന്റെ മുഖമുദ്രയാണ്. ഗോവയെ നാണിപ്പിച്ചുകൊണ്ട് കോവളം നാം അതിനായി നീക്കിവെച്ചു. ഇനി അതിനപ്പുറവും പ്രതീക്ഷിക്കാം.

മാസ് ടൂറിസത്തിന്റെ തദ്ദേശീയ ദുരന്തം അനാവരണം ചെയ്തുകൊണ്ട് ജി.വി ഡോക്സി രചിച്ച 'ഈർഷ്യ സൂചിക' തത്ത്വം പ്രസിദ്ധമാണ്. അതിങ്ങനെ: 1. ടൂറിസ്റ്റുകളെ ആഹ്ലാദപൂർവം തദ്ദേശീയർ സ്വീകരിക്കുന്ന 'യുഫേറിയ'ഘട്ടം. 2. ടൂറിസ്റ്റുകളെ ലാഭേഛയോടെയും ഔപചാരികതയോടെയും തദ്ദേശീയർ വീക്ഷിക്കുന്ന 'അപ്പതി' ഘട്ടം. 3. നിലവിലുള്ള സൗകര്യം ടൂറിസ്റ്റുകൾക്ക് തികയാതെ വരുന്ന 'ഇരിറ്റേഷൻ' ഘട്ടം. 4. തദ്ദേശീയ വാസികൾക്ക് ടൂറിസ്റ്റുകളോട് അങ്ങേയറ്റം അമർഷം വളരുന്ന 'ആന്റഗോണിസ'ഘട്ടം. 5. ടൂറിസ്റ്റുകൾ മാറി വരികയും നാട് മാറുകയും, അവർ നാടിന്റെ എല്ലാ നന്മകളും നശിപ്പിക്കുകയും സംസ്കാരം നിലനിൽപിനു വേണ്ടി കേഴുകയും ചെയ്യുന്ന 'ഫൈനൽ' ഘട്ടം. ടൂറിസത്തിന്റെ വിഹ്വലമായ ഈ പരിണാമ ഘട്ടങ്ങളിൽ കേരളം എവിടെയാണ് എത്തിനിൽക്കുന്നതെന്ന് പരിശോധിക്കാൻ സമയമായി.

ടൂറിസം മൂലം സാമൂഹിക-സാംസ്കാരിക മേഖലകളിലുണ്ടാകുന്ന മൂല്യച്യു

തിക്ക് പ്രകടമായ ഉദാഹരണമാണ് തായ്‌ലന്റ്, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങൾ. അവിടങ്ങളിൽ രോഗവും സാംസ്കാരിക തകർച്ചയും മുഖ്യപ്രശ്നങ്ങളായപ്പോൾ ടൂറിസത്തിന്റെ പവിത്രത ചോദ്യം ചെയ്യപ്പെട്ടു. തദ്ദേശീയ സംസ്കാരത്തിലൂന്നിയ വിഷയകേന്ദ്രീകൃത ടൂറിസത്തിലേക്ക് മടങ്ങാൻ ചില നാടുകളിൽ മുറവിളി ഉയർന്നു. ഇതെല്ലാം നാം അറിയുന്നുണ്ടാകില്ല. ഇതിനെക്കുറിച്ചൊന്നും യാതൊരു ഉത്കണ്ഠയും നമുക്കില്ല.

കണ്ണഞ്ചിക്കുന്ന പ്രകൃതിദൃശ്യങ്ങളും മാനംമുട്ടി നിൽക്കുന്ന പർവതനിരകളും സമൃദ്ധമായ വനപ്രദേശവും വന്യജീവി സങ്കേതങ്ങളും, ചരിത്ര സ്മൃതികളുണർത്തുന്ന സ്മാരകങ്ങളും കൊണ്ട് അനുഗൃഹീതമായ കേരളത്തെ മാസ് ടൂറിസത്തിൽ കുരുക്കി നശിപ്പിക്കുകയാണ് ഭരണകൂടം. പഴയ മാസ് ടൂറിസം ഇക്കോ മേഖലയിൽ പുതിയ രൂപത്തിൽ കടന്നു കയറിയതിന്റെ ഉദാഹരണമാകുന്നു മൂന്നാർ കൈയേറ്റം.

പ്രകൃതിവിഭവങ്ങളെ ആദരവോടെ മാത്രമേ ഒരു ഇക്കോ ടൂറിസ്റ്റിന് കാണാനാവൂ. നാലു തരക്കാർ ഇവരിലുണ്ട്. ഒന്ന് ഉത്തമ ഇക്കോ ടൂറിസ്റ്റുകൾ. പഠനവും ഗവേഷണവും മുഖ്യ വിഷയമായ ഇവർ ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥക്കും അങ്ങേയറ്റം പവിത്രത കൽപിക്കുന്നു. രണ്ട്, അർപ്പണബോധമുള്ള ഇക്കോ ടൂറിസ്റ്റുകൾ. സംരക്ഷിത മേഖലകൾ സന്ദർശിച്ച് അവ നിലനിർത്താനുള്ള അർപ്പണ മനോഭാവം ഇവർ വളർത്തുന്നു. മൂന്ന്, മുഖ്യധാരാ പ്രകൃതിസ്നേഹികൾ. പ്രകൃതിയിലെ അസാധാരണത്വത്തെ ഇവർ ലക്ഷ്യമാക്കുന്നു. സാഹസികത ഇവരുടെ കൂടപ്പിറപ്പാണ്. പ്രകൃതിസ്നേഹവും. നാല്, സാധാരണ പ്രകൃതിസഞ്ചാരികൾ. ഇവർ ഇക്കോ ടൂറിസ്റ്റുകളല്ലെങ്കിലും പ്രകൃതിയെ ബഹുമാനിക്കുകയും അതിന്റെ നിലനിൽപിനു വേണ്ടി വാദിക്കുന്നവരുമാണ്. സഞ്ചാരത്തിനിടയിൽ യാദൃച്ഛികമായി അവർ പ്രകൃതിയെ ഉൾക്കൊള്ളാൻ ശ്രമിക്കുന്നു.

ഈ നാലു ഗണത്തിലും പെടാത്ത വഴിതെറ്റിയ ടൂറിസമാണ് ജൈവവൈവിധ്യം നിറഞ്ഞ മൂന്നാറിൽ ആവിഷ്കരിക്കപ്പെട്ടത്. ഹെറിറ്റേജ് ടൂറിസം ഇക്കോ മേഖലയിൽ പാടുണ്ടോ എന്ന അടിസ്ഥാനവിഷയം പോലും ഇവിടെ പരിഗണിക്കപ്പെട്ടില്ല. എത്രത്തോളം ഇത് ഭീകരമായിരുന്നുവെന്ന് ബോധ്യപ്പെടുന്നതാണ് ദൗത്യസംഘത്തിന്റെ ഇടപെടലിന്റെ അനുഭവം. മെയ് ഏഴിന് മൂന്നാറിൽ ഒഴിപ്പിക്കൽ തുടങ്ങി ഒരാഴ്ചക്കകം തന്നെ 250 കോടി രൂപയുടെ 320 ഏക്കർ ജൈവ വൈവിധ്യത്താൽ സമൃദ്ധമായ ഭൂമിയാണ് തിരിച്ചുപിടിച്ചത്. ഇനിയും ഇതിന്റെ പത്തിരട്ടി തിരിച്ചുപിടിക്കാനുണ്ട്.

ഗുജറാത്തിലെ താപ്തി മുതൽ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന 1600 കിലോമീറ്റർ പർവതശിഖരങ്ങൾ ഉൾക്കൊള്ളുന്ന പശ്ചിമഘട്ടം കടന്നു പോകുന്നത് കേരളത്തിലെ മലനാടിലൂടെയാണ്. നിത്യഹരിത വനങ്ങൾ, അർധ ഉഷ്ണ മേഖലാ വനങ്ങൾ, ഇലകൊഴിയും കാടുകളും ഷോളവനങ്ങളും, പുൽമേടുകൾ എന്നിവ മലനാടിന്റെ സമ്പത്താണ്. കേരളത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചാൽ അതിലൊന്നാണ് അപൂർവമായ ഈ മലനാട്. കേരളത്തിൽ നിർണയിക്കപ്പെട്ട ഒമ്പത് മലനാടൻ സുഖവാസ കേന്ദ്രങ്ങളിലൊന്നായിരുന്നു മൂന്നാർ.

പശ്ചിമഘട്ട പർവതനിരകൾക്കും അറബിക്കടലിനും ഇടയിൽ കുന്നിൻനിരകളാൽ സമൃദ്ധമായ ഇടനാടാണ് കേരളത്തിന്റെ മറ്റൊരു സവിശേഷത. 600 കിലോമീറ്ററോളം നീളത്തിൽ 30-40 കിലോമീറ്റർ വീതിയിൽ വ്യാപിച്ചുകിടക്കുന്നതാണ് ഇടനാട്. 560 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരത്തിന് സമാന്തരമായി 655 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കായൽപരപ്പുകൾ കേരളത്തിന്റെ പ്രകൃതിസമൃദ്ധിയുടെ ദൃഷ്ടാന്തമാണ്. വന്യജീവി സങ്കേതങ്ങളുടെയും ഔഷധസസ്യങ്ങളുടെയും നിധിതുല്യമായ വനപ്രദേശങ്ങൾ വേറെ. ദൈവത്തിന്റെ അനുഗ്രഹമായ ഈ പ്രകൃതിസമ്പത്താണ് മനുഷ്യൻ അന്യായമായി ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്.

'മനുഷ്യകരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും വിനാശം പ്രത്യക്ഷമായിരിക്കുന്നു' (ഖുർആൻ 30:41). ■